(എ) തെരുവു വിളക്കുകൾക്കുള്ള വൈദ്യുതി വിനിയോഗത്തിന് ഗ്രാമപഞ്ചായത്തുകളിൽ സ്ലാബ് സമ്പ്രദായം മാറ്റി മീറ്റർ റീഡിംഗ് അനുസരിച്ച് പണമടയ്ക്കുന്ന സമ്പ്രദായം ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനെപ്പറ്റി പഠിക്കാൻ നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാം ;

(ഡി) സ്ലാബ് സമ്പ്രദായം മാറ്റി മീറ്റർ റീഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതു കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഇല്ല.

(ബി&സി) ഈ കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടില്ല.

(ഡി) നിലവിലുള്ള സംവിധാനമനുസരിച്ച് ഓരോ തെരുവ് വിളക്കിനും അവ ഓരോ ദിവസവും കത്തുന്ന സമയത്തെ അടിസ്ഥാനമാക്കി പ്രതിമാസ തുക നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത നിരക്കിൽ തെരുവ് വിളക്കുകളുടെ എണ്ണത്തിന് അനുസൃതമായ തുകയാണ് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും വിദ്യുച്ഛക്തി ബോർഡിന് നൽകേണ്ടത്. എന്നാൽ ഈ വ്യവസ്ഥയിൽ, കത്താത്ത തെരുവ് വിളക്കുകൾക്കും പണമടയ്ക്കേണ്ടിവരുന്നു എന്ന പരാതി ഉയർന്നിട്ടുണ്ട്. മീറ്റർ സ്ഥാപിച്ച് റീഡിംഗ് എടുത്ത് അതിനനുസരിച്ച് ഈ വൈദ്യുതി ചാർജ്ജ് അടയ്ക്കുകയാണെങ്കിൽ ഉപയോഗിച്ച വൈദ്യുതിക്ക് മാത്രം ചാർജ്ജ് നൽകിയാൽ മതിയാകും എന്നതാണ് ഒരു നേട്ടമായി കാണുന്നത്.

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്ന തുക

22 (*352) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. എ. കെ. മണി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് സർക്കാർ ചെലവഴിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു ;

(ബി) ക്ഷേമ പ്രവർത്തനങ്ങൾമൂലം പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതിയിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) പുരോഗതി ഉണ്ടായിട്ടില്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ വിഭാഗങ്ങളുടെ പുരോഗതിക്കുവേണ്ടി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) പട്ടികജാതി വികസന വകുപ്പു നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ എല്ലാ മാസവും ജില്ലാ പട്ടികജാതി വികസന ഓഫീസറും സംസ്ഥാനതലത്തിൽ പട്ടികജാതി വികസന ഡയറക്ടറും, വകുപ്പു സെക്രട്ടറിയും വിലയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസനവകുപ്പ് ക്ഷേമ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നു എന്നുറപ്പുവരുത്താനായി സംസ്ഥാനതലത്തിൽ വകുപ്പു സെക്രട്ടറിയും ആസൂത്രണസാമ്പത്തികകാര്യവകുപ്പുസെക്രട്ടറിയും വകുപ്പുമന്ത്രിയും അവലോകനയോഗം നടത്താറുണ്ട്. ഇതുകൂടാതെ ജില്ലാതലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ജില്ലാതല എസ്.സി/എസ്.റ്റി കമ്മിറ്റിയും, ജില്ലാ പ്ലാനിംഗ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. ക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകാൻ ബഹു.വകുപ്പുമന്ത്രി ചെയർമാനായുള്ള സംസ്ഥാന ഉപദേശകസമിതികൾ പ്രവർത്തിക്കുന്നു.

(ബി) ഉണ്ട്.

(സി) പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ അഭിവൃദ്ധിക്കായി ദാരിദ്ര്യ നിർമ്മാർജ്ജനം, വിദ്യാഭ്യാസം, കുടിവെള്ളം, ഭൂമിയും വീടും ഇല്ലാത്തവരുടെ പുനരധിവാസം, പാർപ്പിടസൗകര്യം, ആരോഗ്യപരിപാലനസ്കീമും, സാമൂഹ്യക്ഷേമവും, സുരക്ഷിതത്വവും പ്രദാനം ചെയ്യുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുക വഴി ഇവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതിയിൽ ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്.

(ഡി) ബാധകമല്ല.

(ഇ) ഇവരുടെ പുരോഗതിക്കുവേണ്ടിയുള്ള പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

കെ. എസ്. ഇ. ബി. യിൽ അധികമായി നൽകിയിട്ടുള്ള ശമ്പളം തിരിച്ചു പിടിക്കുന്ന നടപടി

23 (*353) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. യിൽ പേ ഫിക്സേഷനിൽ എന്തെങ്കിലും അപാകത വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ തരത്തിലുള്ള അപാകതകളാണ് കണ്ടെത്തിയിട്ടുള്ളത് ;

(സി) ഈ ഇനത്തിൽ എന്ത് തുക ജീവനക്കാർക്ക് അധികമായി ലഭിച്ചിട്ടുണ്ടെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly